**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2689** **24-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പ് പദ്ധതികളിൽ അപേക്ഷകരുടെ എണ്ണം, അനുവദിച്ചവരുടെ എണ്ണം, അർഹതയുണ്ടായിട്ടും ലഭിക്കാതെ പോയവരുടെ എണ്ണം എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പ് പദ്ധതികളിൽ ഓരോ വർഷവും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | അപേക്ഷകൾ സമയത്ത് പ്രോസസ് ചെയ്യാത്തതുമൂലം പല അപേക്ഷകർക്കും സ്കോളർഷിപ്പ് നഷ്ടമായ സാഹചര്യം ഈ കാലയളവിൽ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നഷ്ടപ്പെടാനിടയാക്കിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്കോളർഷിപ്പ് അപേക്ഷകൾ യഥാസമയം പ്രോസസ് ചെയ്യുകയും അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ